"കാർഷിക വൃത്തിയിലൂടെ ഉപജീവനം കഴിക്കുന്നവർ"

92 [2844] *ശ്രീ. കെ. സി. ജോസഫ്:*
ശ്രീമതി മേഴ്സി രവി:
ശ്രീ. കെ. സുധാകരൻ:

,, *വർക്കല കഹാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക വൃത്തിയിലൂടെ ഉപജീവനം കഴിക്കുന്ന എത്ര പേരുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) ഇവരിൽ തോട്ടം അടിസ്ഥാനത്തിൽ കൃഷി നടത്തുന്നവരൊഴിച്ചുള്ളവരുടെ വാർഷിക വരുമാനമെത്രയാണെന്നാണ് കണക്കാക്കിയിട്ടുള്ളത്?

ഉത്തരം

(എ) 2001 കാനേഷുമാരി കണക്കനുസരിച്ച് കേരളത്തിൽ മൊത്തം 7,40,403 കർഷകരും 16,53,601 കർഷകത്തൊഴിലാളികളും കാർഷികവൃത്തിയിലൂടെ ഉപജീവനം കഴിച്ചു വരുന്നു.

(ബി) തോട്ടം അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നവരൊഴിച്ചുള്ളവരുടെ മാത്രം വാർഷിക വരുമാനത്തിന്റെ കണക്ക് ലഭ്യമല്ല.

കൃഷി ഭവനുകൾ ഇല്ലാത്ത പഞ്ചായത്തുകൾ

93 [2845] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ഭവനുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ കൃഷി ഭവനുകൾ ആരംഭിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നത്തേക്ക് നിലവിൽ വരുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) & (ബി) കൃഷിഭവനുകൾ ഇല്ലാത്ത 20 പഞ്ചായത്തുകളിൽ കൃഷി ഭവനുകൾ അനുവദിക്കുന്നത് സംബന്ധിച്ച് കൃഷി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ ധനകാര്യവകുപ്പുമായി കൂടിയാലോചിച്ച് പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly